(ബി) ദേശീയ സംസ്ഥാന പട്ടികജാതി കമ്മീഷനുകളുടെ നിർദ്ദേശാനുസരണം ഇപ്രകാരം എത്ര കോടതികളാണ് സ്ഥാപിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) അപ്രകാരം കോടതികൾ സ്ഥാപിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ-സി) ഹൈക്കോടതിയുടെ ശിപാർശ പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗക്കാർ ക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിനായി മഞ്ചേരി-മലപ്പുറം, മാനന്തവാടി-വയനാട്, കൊട്ടാരക്കര-കൊല്ലം എന്നിവിടങ്ങളിലായി പ്രത്യേക കോടതികൾ സ്ഥാപിക്കുകയും അവ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

കോടതികളിൽ തീർപ്പാക്കാതെ കിടക്കുന്ന കേസ്സുകൾ

32 (1735) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ കോടതികൾ ഉൾപ്പെടെ സംസ്ഥാനത്തെ കോടതികളിൽ എത്ര കേസ്സുകൾ തീർപ്പാക്കാതെ കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) കോടതികളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 31-3-2015-ലെ കണക്ക് പ്രകാരം ഹൈക്കോടതിയിൽ 147866 കേസ്സുകളും കീഴ് കോടതികളിൽ 1327828 കേസുകളും തീർപ്പാക്കാതെ കെട്ടിക്കിടപ്പുണ്ട്.

(ബി) കീഴ് കോടതികളുടെ പ്രവർത്തനം ഹൈക്കോടതി നിരീക്ഷിക്കുകയും കെട്ടിക്കിടക്കുന്ന കേസ്സുകൾ കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടി കൈക്കൊള്ളാറുമുണ്ട്. കേസുകൾ തീർപ്പാക്കുന്നതിനായി Special list system, unit system, target fixation എന്നീ രീതി നടപ്പിലാക്കിവരുന്നുണ്ട്. കാലപ്പഴക്കം ചെന്ന കേസ്സുകൾ, മുതിർന്ന പൗരന്മാർ വിചാരണ തടവുകാർ, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നീ ഗണത്തിൽപ്പെടുന്ന കേസുകൾ തീർപ്പാക്കുന്നതിന് മുൻഗണന നൽകാറുണ്ട്. 13 -ാം ധനകാര്യ കമ്മീഷന്റെ ഫണ്ട് ഉപയോഗിച്ച് 27 താൽക്കാലിക ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ വിവിധ ജില്ലകളിലായി കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിലേയ്ക്കായി തസ്തികകൾ സഹിതം അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ വിചാരണ ചെയ്യുന്നതിനായി പ്രത്യേക കോടതികൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെതന്നെ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ കേസുകൾ കേൾക്കുന്നതിനായും പ്രത്യേക കോടതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവയ്ക്കെല്ലാം പുറമെ KELSA-യുടെയും ഹൈക്കോടതിയുടെയും ആഭിമുഖ്യത്തിൽ അദാലത്തുകളും സംഘടിപ്പിച്ചുവരുന്നു.

(സി) 19-9-2014-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(പി) നമ്പർ 400/2014/ ധന. പ്രകാരം 31-3-2015 മാർച്ച് വരെ പുതിയ തസ്തികകൾ അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അത്യാവശ്യ സന്ദർഭങ്ങളിൽ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് പുതിയ തസ്തികകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാറുണ്ട്.

കൽപ്പറ്റയിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി അനുവദിക്കൽ

33 (1736) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റയിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി അനുവദിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ ബഹു ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ശിപാർശ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ശിപാർശയെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കൽപ്പറ്റയിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്നത് സ.ഉ.(സാധാ) നമ്പർ 1919/09/ആഭ്യന്തരം പ്രകാരം കോടതികൾ ആരംഭിക്കുന്നതിനുള്ള മുൻഗണന പട്ടികയിൽ ഹൈക്കോടതിയുടെ ശിപാർശയനുസരിച്ച് ക്രമനമ്പർ 9 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻഗണന ക്രമമനുസരിച്ചും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുകൊണ്ടും മാത്രമേ കോടതി ആരംഭിക്കുന്നതിനുള്ള അനുവാദം സാധ്യമാകുകയുള്ളൂ.